## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 169 01.02.2018 - ൽ മറുപടിയ്ക്ക്

## വയോജന കമ്മീഷൻ രൂപീകരണം

ചോദ്യം

ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ.പി.ഉണ്ണി
പ്രൊഫ.കെ.യു.അരുണൻ.

മറുപടി

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | വയോജനങ്ങളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് ജുഡീഷ്യൽ അധികാരങ്ങളോടു കൂടിയ വയോജന കമ്മീഷൻ രൂപീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (എ) | ഇന്ന് സമൂഹത്തിൽ വയോജനങ്ങൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. മക്കളിൽ നിന്നും നേരിടുന്ന ക്രൂരത. സമൂഹത്തിൽ നിന്നും നേരിടുന്ന പ്രശ്നങ്ങൾ എന്നിവ നിരവധിയാണ്. ഇവയ്ക്കെല്ലാം ക്രിയാത്മകമായ പരിഹാരം കാണുന്നതിനു സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളോടു കൂടിയ വയോജന കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | കമ്മീഷന്റെ രൂപീകരണത്തിന് മുന്നോടിയായുള്ള പഠനം നടത്തുന്നതിനായി സ്പെഷ്യൽ | (ബി) | സംസ്ഥാനത്ത് വയോജന കമ്മീഷൻ രൂപീകരിയ്ക്കുന്നതിനു വേണ്ടി പഠനം നടത്തുകയോ സ്പെഷ്യൽ ഓഫീസറെ |

| | | | |
|---|---|---|---|
| | ഓഫീസറെ ചുമതലപ്പെടുത്തുകയോ ജില്ലാതല സിറ്റിങ്ങുകൾ നടത്തുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | | നിയമിയ്ക്കുകയോ ചെയ്തിട്ടില്ല. |
| (സി) | വയോജനങ്ങൾക്കെതിരെയുള്ള ശാരീരികവും മാനസികവുമായ അതിക്രമങ്ങൾ തടയുന്നതിനും ആരോഗ്യരക്ഷയും നിയമസഹായവും വൃദ്ധസദനങ്ങളുടെ മികച്ച സേവനവും ഉറപ്പ നൽകുന്നതിനുമായി എന്ത് സംവിധാനം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | വയോജനങ്ങളുടെ ശാരീരികവും മാനസികവുമായ ക്ഷേമവും സുരക്ഷയും മുൻനിർത്തി നിരാലംബരും നിരാശ്രയരുമായ വയോജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി 16 ഗവൺമെന്റ് വൃദ്ധ സദനങ്ങൾ വകുപ്പിൻകീഴിൽ പ്രവർത്തിയ്ക്കുന്നു. കൂടാതെ 288 വൃദ്ധസദനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സാമൂഹ്യനീതി വകുപ്പിന്റെ ഗ്രാന്റ് സ്വീകരിച്ച് പ്രവർത്തിച്ച വരുന്നു. ഗവൺമെന്റ് വൃദ്ധസദനങ്ങളിലൂടെ വൃദ്ധജനങ്ങൾക്കായി സംരക്ഷണവും സൗജന്യമായി താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ നൽകി വരുന്നു. ഒരു അന്തേവാസിക്ക വേണ്ടി പ്രതിമാസം 2000/-രൂപ ഭക്ഷണത്തിനും 1000/-രൂപ മരുന്നുകൾക്കും പ്രതിവർഷം 2000/-രൂപ വസ്ത്രത്തിനും, 1500/-രൂപ റിക്രിയേഷൻ/ ടൂർ എന്നിവയ്ക്കും ഹെയർ കട്ടിംഗിന് 600/-രൂപയും കണ്ടിജൻസിയ്ക്കായി 10,000/-രൂപയും സർക്കാർ നൽകിവരുന്നു. സർക്കാർ വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് |

| | | | |
|---|---|---|---|
| | | | ആയുർവേദ ചികിത്സ പ്രദാനം ചെയ്യുന്ന വയോ അമൃതം പദ്ധതി, വയോജനങ്ങൾക്കായി സംസ്ഥാനത്തെ മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന വയോമിത്രം പദ്ധതി (വൈദ്യസഹായം, മരുന്ന്, സൗജന്യ ആംബുലൻസ് സർവ്വീസ്, പാലിയേറ്റീവ് കെയർ എന്നിവ നൽകി വരുന്നു) കൂടാതെ മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 സാമൂഹ്യനീതി വകുപ്പ് നോഡൽ ഏജൻസിയായി നിർവഹിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**